## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1613** — **21.03.2012- ൽ മറുപടിക്ക്**

## കല്ലട ഇറിഗേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ജല സേചന സൗകര്യവും, കാർഷിക പുരോഗതിയും ലക്ഷ്യമാക്കി കൃഷി വകുപ്പിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലി നോക്കുന്നുവെന്ന് അറിയിക്കുമോ; | (എ) കല്ലട ഇറിഗേഷൻ പദ്ധതിയിലേക്ക് ഡിപ്ലോയി ചെയ്ത കൃഷി വകുപ്പിലെ തസ്തികകൾ വകുപ്പിലേക്ക് തിരികെ ഡിപ്ലോയി ചെയ്തതിനാൽ കല്ലട ഇറിഗേഷൻ പദ്ധതിയിൻ കീഴിൽ കൃഷി വകുപ്പിലെ ജീവനക്കാർ ആരും തന്നെ ഒരു തസ്തികയിലും നിലവിൽ ജോലി ചെയ്യുന്നില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ കെ.ഐ.റ്റി.സി.ഡി.പി പദ്ധതിയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഓഫീസുകളിൽ, ഏതൊക്കെ തസ്തികകളിൽ, എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ കൃഷി വകുപ്പിലെ ജീവനക്കാർ ആരും തന്നെ ഇറിഗേഷൻ പദ്ധതിയിൽ ജോലി നോക്കുന്നില്ല. |
| (സി) പ്രസ്തുത ഇറിഗേഷൻ പദ്ധതി മൂലം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിയിരുന്നുവെന്നും എത്രത്തോളം ഉല്പാദനവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (സി) ലഭ്യമല്ല. |
| (ഡി) കല്ലട ഇറിഗേഷൻ പദ്ധതി പ്രവർത്തനമവസാനിപ്പിക്കാൻ നീക്കം നടക്കുന്നതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ